# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നമ്പർ : 2514** **12.02.2020-ൽ മറുപടിയ്ക്ക്**

**ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങളുടെ പങ്ക്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.കുഞ്ഞിരാമൻ<br>" പി.കെ.ശശി<br>" പി.ടി.എ.റഹീം<br>" സി.കെ.ശശീന്ദ്രൻ | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(ബഹു. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | സഹകരണ നയം മുന്നോട്ട് വച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിന് ഉപജീവനമാർഗങ്ങൾ സൃഷ്ടിക്കുന്ന വിവിധ മേഖലകളിലും കാർഷിക മേഖലയിലും നൽകി വരുന്ന പ്രോത്സാഹനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) | സഹകരണ നയം മുന്നോട്ട് വച്ചിട്ടുള്ള സുസ്ഥിര വികസന ലക്ഷ്യം നിറവേറ്റുന്നതിന് ട്രാൻസ്ജെൻഡേഴ്സ് വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനത്തിനായി തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് "ട്രാൻസ്ജെൻഡേഴ്സ് വെൽഫെയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ് നമ്പർ 4498" എന്ന പേരിൽ ഒരു സഹകരണ സംഘം 02.11.2019 ൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്. പ്രവാസികളുടെ ക്ഷേമപ്രവർത്തനങ്ങൾക്കായി തിരുവനന്തപുരം ആസ്ഥാനമായി കേരള സംസ്ഥാനം മുഴുവൻ പ്രവർത്തന പരിധിയായി നിശ്ചയിച്ച് "കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന സഹകരണ സംഘം ലിമിറ്റഡ് നമ്പർ 4499" 21/12/2019-ൽ രജിസ്റ്റർ ചെയ്ത് നൽകിയിട്ടുണ്ട്.<br><br>സംസ്ഥാനത്ത് മഴക്കെടുതി മൂലമുണ്ടായ നാശനഷ്ടങ്ങൾക്ക് പരിഹാരം കാണുന്നതിന്റെ ഭാഗമായി സംസ്ഥാനത്തിലെ വിവിധ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എടുത്തിട്ടുള്ള കാർഷിക കടങ്ങൾക്ക് 31.07.2018 മുതൽ ഒരു വർഷത്തേക്ക് മൊറട്ടോറിയം അനുവദിച്ച് നൽകിയിരുന്നു. തുടർന്ന് സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽ നിന്നും കർഷകർ എടുത്തിട്ടുള്ള എല്ലാ വായ്പകളിന്മേലുമുള്ള ജപ്തി നടപടികൾക്ക് 31.03.2020 വരെ മൊറട്ടോറിയം അനുവദിച്ചും |

| | | | |
|---|---|---|---|
| | | | സഹകരണ സംഘം രജിസ്ട്രാറുടെ 06/20 നമ്പർ സർക്കുലർ നൽകിയിട്ടുണ്ട്.<br><br>പ്രളയത്തിൽ സർക്കാർ പ്രളയബാധിത/ ഉരുൾപൊട്ടൽ ബാധിത പ്രദേശമായി പ്രഖ്യാപിച്ച 1260 വില്ലേജുകളിലെ മൃഗസംരക്ഷണ മേഖലയിലും, ജീവനോപാധി നഷ്ടപ്പെട്ടവർക്കും, സൂക്ഷ്മ, ചെറുകിട, ഇടത്തര വാണിജ്യ, വ്യാപാര സ്ഥാപനങ്ങൾ, കടകൾ, കിസാൻ കാർഡ് ഉടമകൾ, അലങ്കാര പക്ഷി കർഷകർ, തേനീച്ച കർഷകർ എന്നീ വിവിധ മേഖലകളിലുള്ള ദുരന്ത ബാധിതർക്ക് അവരുടെ ഉപജീവന മാർഗ്ഗങ്ങൾ ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി പുനരാരംഭിക്കുന്നതിന് **ഉജ്ജീവന വായ്പാ പദ്ധതി** എന്ന പേരിൽ ഒരു വായ്പാ പദ്ധതിക്ക് സർക്കാറിന്റെ 17/12/18 സ.ഉ(കൈ)27/2018/ ഡി.എം.ഡി നമ്പർ ഉത്തരവ് പ്രകാരം (സഹകരണ സംഘം രജിസ്ട്രാറുടെ സർക്കുലർ 03/19) രൂപം നൽകിയിട്ടുണ്ട്.<br><br>ബ്ലേഡ് പലിശക്കാർ എന്ന മഹാവിപത്ത് ഗ്രാമീണ മേഖലയിൽ ഉണ്ടാകുന്ന കഷ്ടനഷ്ടങ്ങൾക്ക് ഒരു പരിധിവരെ അറുതി വരുത്തുന്നതിനും സമൂഹത്തിന്റെ താഴെത്തട്ടിൽ ഉള്ളവർ, കൂലി വേലക്കാർ, ചെറുകിട കച്ചവടക്കാർ എന്നിവരെ ബ്ലേഡ് പലിശക്കാരിൽ നിന്ന് രക്ഷിക്കുക സഹകരണ പ്രസ്ഥാനത്തിന്റെ ജനങ്ങളോടുള്ള പ്രതിബദ്ധത ഉയർത്തിപ്പിടിക്കുകയും ജനങ്ങളെ കൂടുതൽ സാമ്പത്തിക ഉയർച്ചയിലേയ്ക്ക് നയിക്കുകയും അവരിൽ സാമ്പത്തിക സാക്ഷരത വളർത്തുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ കുടുംബശ്രീയുമായി സഹകരിച്ച് **"മുറ്റത്തെമുല്ല" ഗ്രാമീണ ലഘുവായ്പ പദ്ധതി** സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഈ പദ്ധതി പ്രകാരം 1000/-രൂപ മുതൽ 50,000/- രൂപ വരെയാണ് ഒരാൾക്ക് വായ്പയായി നൽകുന്നത്. വായ്പക്കാരിൽ നിന്നും 12% പലിശ (100 രൂപക്ക് പ്രതിമാസം 1/- രൂപ) മാത്രമാണ് ഈടാക്കുക. ഇതിൽ നിന്നും 9% പലിശ പ്രാഥമിക കാർഷിക ബാങ്കുകളിൽ അടക്കണം. ബാക്കി കുടുംബശ്രീ യൂണിറ്റുകൾക്ക്/വായ്പ ഇടപാട് നടത്തുന്ന |

| | | | |
|---|---|---|---|
| | | | യൂണിറ്റ് അംഗത്തിന് അവരുടെ ഉചിതമായ തീരുമാനപ്രകാരം എടുക്കാവുന്നതാണ്. പരമാവധി 52 ആഴ്ചകളായാണ് (ഒരു വർഷം) വായ്പ തിരിച്ചടക്കേണ്ടത്. അതായത് 1000/-രൂപ വായ്പ എടുത്ത ഒരാൾ ഒരു വർഷം കൊണ്ട് 52 ആഴ്ചകളിൽ തുല്യഗഡുക്കളായി 1120/-രൂപ തിരിച്ചടക്കണം.<br><br>സംസ്ഥാനത്ത് പ്രാഥമിക സഹകരണ സംഘങ്ങൾ/ബാങ്കുകൾ/സർവ്വീസ് സഹകരണ ബാങ്കുകൾ എന്നിവ വഴി നെൽകൃഷിയ്ക്ക് പരിധിയില്ലാത്ത തുക പലിശ രഹിത വായ്പയായി നൽകിവരുന്നു. കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകിവരുന്ന 3 ശതമാനം സബ് വെൻഷൻ കഴിച്ച് 4 ശതമാനം പലിശ സബ്സിഡിയായി സർക്കാർ നൽകുന്നതുവഴി ഹ്രസ്വകാല കാർഷിക വായ്പകൾ പൂർണ്ണമായും പലിശ രഹിത വായ്പയായി നൽകി വരുന്നു.<br><br>കൂടാതെ നെൽകൃഷി വർദ്ധിപ്പിക്കുന്നതിനായി നെൽ കർഷകർക്കും കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ചുവടെ പറയും പ്രകാരമുള്ള പദ്ധതി ധനസഹായവും സർക്കാർ നൽകിവരുന്നു.<br><br>• സ്വന്തം ഫണ്ട് ഉപയോഗിച്ച് കഴിഞ്ഞ വർഷത്തേക്കാൾ കൂടുതലായി ഹ്രസ്വകാല കാർഷിക വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്, ഫാർമേഴ്സ് സർവ്വീസ് സഹകരണ സൊസൈറ്റി എന്നിവ നെൽകൃഷിയ്ക്കായി മുൻ വർഷത്തെ അപേക്ഷിച്ച് കൂടുതൽ വായ്പ നൽകിയിട്ടുണ്ടെങ്കിൽ വർദ്ധനവിന്റെ **5%** പരമാവധി **1** ലക്ഷം രൂപ വരെ പ്രോത്സാഹന സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>• കഴിഞ്ഞ വർഷം അനുവദിച്ച മൊത്തം |

| | | | |
|---|---|---|---|
| | | | കാർഷിക വായ്പയേക്കാൾ **20** ശതമാനത്തിൽ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന ഓരോ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ഗ്രാന്റായി പരമാവധി **25000** രൂപ നിരക്കിൽ പ്രോത്സാഹന സഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>• സഹകരണ സംഘത്തിന് കൊയ്ത്ത്മെതി യന്ത്രം വാങ്ങുന്നതിന് പ്രോത്സാഹന ഗ്രാന്റായി വിലയുടെ 20 ശതമാനമോ 4 ലക്ഷം രൂപയോ ഏതാണോ കുറവ് ടി തുക നൽകി വരുന്നുണ്ട്.<br><br>• സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിയ്ക്കായി കർഷകനു നൽകിയ പലിശരഹിത വായ്പയ്ക്ക് സഹകരണ സ്ഥാപനങ്ങൾ നൽകുന്ന അംഗീകൃത ഇൻഷ്വറൻസ് പ്രീമിയം തുക തിരിച്ചു നൽകുന്നതിന് ധനസഹായം നൽകുന്ന വ്യവസ്ഥയുണ്ട്.<br><br>• ഹൈടെക് കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുന്നതിനും ഹരിത ഭവനങ്ങൾ സ്ഥാപിക്കുന്നതിനും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുന്നതിന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>• നെൽകൃഷിയ്ക്ക് വായ്പ നൽകുന്ന പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, പട്ടികജാതി/പട്ടികവർഗ്ഗ സംഘങ്ങൾ, വനിതാ സംഘങ്ങൾ ഇവയുടെ കീഴിലുള്ള സ്വാശ്രയ ഗ്രൂപ്പുകൾക്ക് പ്രോത്സാഹന സഹായം നൽകിവരുന്നുണ്ട്.<br><br>സഹകരണ സ്ഥാപനങ്ങൾ വഴി കൃഷി അടിസ്ഥാനമാക്കി തോട്ടവിളകൾ സംസ്കരിക്കൽ |

| | | | |
|---|---|---|---|
| | | | (തേയില, കാപ്പി, റബ്ബർ, കശുവണ്ടി, അടയ്ക്ക, സുഗന്ധ വ്യഞ്ജനങ്ങൾ) ഭക്ഷ്യവിളകളുടെ സംസ്കരണം, എണ്ണക്കുരുക്കളുടെ സംസ്കരണ യൂണിറ്റുകൾ, മറ്റു വിധത്തിലുള്ള സംസ്കരണ യൂണിറ്റുകൾ, എന്നിവ സ്ഥാപിക്കുന്നതിനും പീഡിത സംസ്കരണ യൂണിറ്റുകൾ നവീകരിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും എൻ.സി.ഡി.സി. പദ്ധതി പ്രകാരം ധനസഹായം നൽകി വരുന്നു. കൂടാതെ സംസ്കരണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള യന്ത്ര സാമഗ്രികൾ, മറ്റ് ഉപകരണങ്ങൾ എന്നിവ വാങ്ങുന്നതിനും ധനസഹായം അനുവദിക്കുന്നുണ്ട്.<br><br>വിവിധ കാർഷിക ഉത്പന്നങ്ങൾക്കുള്ള വിപണന അടിസ്ഥാന സൗകര്യ വികസനത്തിനായി സാമ്പത്തികമായി മെച്ചമുണ്ടാക്കാൻ പറ്റുന്നതും, വരുമാനം ഉളവാക്കാൻ പറ്റുന്നതുമായ പദ്ധതികൾക്ക് ധനസഹായം നൽകിക്കൊണ്ട് കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ച് വരുന്നു.<br><br>കാർഷിക ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി കർഷക സേവന കേന്ദ്രങ്ങൾ ശക്തിപ്പെടുത്തുന്നതിന് ധനസഹായം അനുവദിക്കുന്നു.<br><br>കൃഷി അനുബന്ധ മേഖലയിലെ പ്രവർത്തികൾ ഏറ്റെടുത്തുകൊണ്ട് നെല്ല് സംഭരിച്ച് സംസ്കരിച്ച് വിപണനം ചെയ്യുക എന്ന ലക്ഷ്യത്തോടെ പാലക്കാട് ജില്ലയിൽ പുതിയതായി രൂപീകരിച്ച പാലക്കാട് പാഡി പ്രോക്യുയർമെന്റ് പ്രോസസ്സിംഗ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.1449 (പാപ്കോസ്) എന്ന സഹകരണ സംഘത്തിന്റെ അധീനതയിൽ 200 മെട്രിക് ടൺ നെല്ല് സംസ്കരിച്ച് അരിയാക്കുന്നതിന് ഒരു റൈസ് മിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. |
| (ബി) | പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളിൽ നിന്നുള്ള വായ്പ | (ബി) | പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ |

| | | | |
|---|---|---|---|
| | തോത് വർദ്ധിപ്പിക്കാനായിട്ടുണ്ടോ; | | എന്നിവ മുഖേന കാർഷിക വായ്പകൾ വിതരണം ചെയ്യുന്നതിനായി, സംസ്ഥാനങ്ങൾക്കും കാർഷിക വായ്പ സഹകരണ സംഘങ്ങൾക്കും/പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകൾക്കും എന്നിവ ഓരോ വർഷവും നൽകുന്ന മൊത്തം വായ്പയുടെ 40% എങ്കിലും കാർഷിക വായ്പ വിതരണം ചെയ്യുന്നതിന് ബാങ്ക് ഭരണസമിതികളും പ്രത്യേകം ലക്ഷ്യം നിശ്ചയിച്ച്, സംസ്ഥാനത്തെ കാർഷിക ഉത്പാദനവും കാർഷിക വായ്പാ വിതരണവും കൂട്ടുന്നതിനും പുതിയ പദ്ധതികൾ/ പ്രവർത്തനങ്ങൾ ആവിഷ്കരിക്കുന്നതിന് 04/2007 സർക്കുലർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ സംഘങ്ങൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/മറ്റ് വായ്പ സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് ശാഖകൾ ആരംഭിക്കുന്നതിന് അനുമതി നൽകുന്നതിന് ടി സംഘങ്ങൾ കുറഞ്ഞത് 20% എങ്കിലും ടി സാമ്പത്തിക വർഷമോ അതിന് തൊട്ട് മുമ്പുള്ള വർഷമോ കാർഷിക വായ്പ നൽകിയിരിക്കണമെന്ന് 39/06 സർക്കുലർ മുഖാന്തിരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിൽ സഹകരണ സ്ഥാപനങ്ങൾ വഹിക്കുന്ന പങ്ക് വിശദമാക്കാമോ; | (സി) | സർക്കാരിന്റെ വിവിധ ക്ഷേമ പരിപാടികളിൽ ഒന്നും പ്രധാനവുമായ ക്ഷേമ പെൻഷൻ വിതരണത്തിനായുള്ള സർക്കാരിന്റെ കൺസോർഷ്യത്തിലേക്ക് കേരളത്തിലെ സഹകരണ സംഘങ്ങളുടെ സംഭാവന ചുവടെ ചേർക്കുന്നു.<br><br>• കേരള സംസ്ഥാന സർക്കാരിന് 2018 സാമ്പത്തിക വർഷത്തിൽ ഓണത്തിനോടനുബന്ധിച്ച് സാമൂഹ്യ സുരക്ഷ പെൻഷൻ വിതരണം നടത്തുന്നതിലേയ്ക്കായി 1773.30 കോടി രൂപ സംസ്ഥാനത്തിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും വായ്പയായി സ്വരൂപിച്ച് സംസ്ഥാന സഹകരണ ബാങ്ക് വഴി സംസ്ഥാന സർക്കാരിന് നൽകുകയുണ്ടായി. |

| | | | |
|---|---|---|---|
| | | | • ടി തുകയക്ക് എല്ലാ സംഘങ്ങൾക്കും സഹകരണ സംഘം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രസീത് നൽകുകയും സംഘം വായ്പയായി കൺസോർഷ്യം ഫണ്ടിലേയ്ക്ക് 14 മാസക്കാലാവധി ആയി നിക്ഷേപിച്ച തുകയ്ക്ക് ടി തീയതി മുതൽ 2019 ആഗസ്റ്റ് മാസം വരെ 9.5 ശതമാനം പലിശ നിശ്ചയിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ടി സംഘങ്ങൾക്ക് 2019 മെയ് മാസം വരെയുള്ള പലിശ വീഴ്ച കൂടാതെ നൽകുകയും ചെയ്തിട്ടുണ്ട്.<br><br>• 2019 സാമ്പത്തിക വർഷം വിഷുവിനോടനുബന്ധിച്ച് രണ്ടാം ഘട്ടമായി സമൂഹ്യസുരക്ഷ പെൻഷൻ വിതരണത്തിനായി സംസ്ഥാനത്തെ ജില്ലകളിലെ പ്രാഥമിക സഹകരണ സംഘങ്ങളിൽ നിന്നും, മറ്റ് സഹകരണ സംഘങ്ങളിൽ നിന്നും വായ്പയായി 14 മാസക്കാലാവധിയ്ക്ക് 9.5 ശതമാനം പലിശയ്ക്ക് 2634.48 കോടി രൂപ സ്വരൂപിച്ച് സംസ്ഥാന സർക്കാരിന് നൽകിയിട്ടുണ്ട്. ടി തുകയ്ക്കും സഹകരണ സംഘം രജിസ്ട്രാർ സാക്ഷ്യപ്പെടുത്തിയ രസീത് സംഘങ്ങൾക്ക് നൽകുകയും സംഘങ്ങൾ വായ്പയായി നിക്ഷേപിച്ച തുകയ്ക്ക് 2020 ജൂൺ മാസം വരെ പലിശ നിശ്ചയിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.<br><br>• സർക്കാരിന്റെ 14.03.2019-ലെ സ.ഉ(സാധാ) നം.200/2019/സഹ ഉത്തരവ് പ്രകാരം 16.10.2019 വരെ 1799.80 കോടി രൂപ പുതുക്കിയിട്ടുണ്ട്.<br><br>• സർക്കാരിന്റെ 18.12.2019 ലെ സ.ഉ.(സാധാ) നം. 749/2019/സഹ ഉത്തരവ് പ്രകാരം 1700 കോടി രൂപ കൂടി കൺസോർഷ്യത്തിലേക്ക് സമാഹരിക്കുന്നതിനും 14 മാസക്കാലാവധിയ്ക്ക് 9.5 ശതമാനം പലിശ നിശ്ചയിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആയത് |

| | | | | |
|---|---|---|---|---|
| | | | | പ്രകാരം 1170 കോടി രൂപ കൺസോർഷ്യത്തിലേക്ക് സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്.<br><br>മേൽ പ്രകാരം 2.2.2020 തീയതി വരെ 4434.28 കോടി രൂപയും 1170 കോടി രൂപയും ഉൾപ്പെടെ 5604.28 കോടി രൂപ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കൺസോർഷ്യത്തിലേക്ക് സഹകരണ സംഘങ്ങൾ നിക്ഷേപിച്ചിട്ടുണ്ട്.<br><br>**<u>വനിതാഫെഡ്</u>**<br>വനിതകളുടെ ക്ഷേമം മുൻ നിർത്തി സ്ത്രീശാക്തീകരണത്തിനും സാമൂഹികവും സാമ്പത്തികവുമായ പുരോഗതിയും ലക്ഷ്യമിട്ട് വനിതാഫെഡ് വിവിധ പദ്ധതികൾക്കായി ധനസഹായം അനുവദിച്ചുവരുന്നു. അതോടൊപ്പം വനിതകൾക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഭരണപരമായ പ്രാഗത്ഭ്യം നേടുന്നതിനും ട്രെയിനിംഗ് നൽകിവരുന്നു. ഇതിനായി ശില്പശാലകൾ നടത്തി വരുന്നു. വനിതകൾക്ക് തൊഴിലവസരം സൃഷ്ടിച്ച് സാമ്പത്തിക പുരോഗതി കൈവരിക്കുന്നതിനായി ഡ്രൈവിംഗ് സ്കൂൾ, നീതി മെഡിക്കൽസ് എന്നിവ ആരംഭിക്കുന്നതിനുവേണ്ടി വനിതാ സംഘങ്ങൾക്കും നീതി ലാബ്, തുണിസഞ്ചി, പേപ്പർ സഞ്ചി, ജ്യൂട്ട് ബാഗ് എന്നിവ നിർമ്മിക്കുന്നതിന് സംഘങ്ങൾ മുഖേന വനിതകൾക്ക് സാമ്പത്തിക സഹായം നൽകി വരുന്നുണ്ട്. വനിതകൾ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ വിപണനം ചെയ്യുന്നതിനാവശ്യമായ സഹായങ്ങൾ വനിതാഫെഡ് നൽകി വരുന്നു.<br><br>**<u>ഹൗസ് ഫെഡ്.</u>**<br><br>2018 ആഗസ്റ്റ് മാസം സംസ്ഥാനത്തുണ്ടായ പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് വീട് നിർമ്മിച്ചു നൽകുന്ന കെയർ ഹോം, കെയർ കേരള പദ്ധതിയിലേക്ക് 5 വീടുകൾക്കായി 25 ലക്ഷം രൂപ |

ഹൗസ് ഫെഡ് സഹകരണസംഘം രജിസ്ട്രാർക്ക് കൈമാറിയിരുന്നു.

**കൺസ്യൂമർ ഫെഡ്:**

ജനക്ഷേമം മുൻ നിർത്തി സംസ്ഥാനത്തെ പൊതു വിപണിയിലെ വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി കൺസ്യൂമർഫെഡിന്റെ 183 ത്രിവേണികളും 45 മൊബൈൽ ത്രിവേണികളും സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന 745 നീതി സ്റ്റോറുകളിലൂടെയും പൊതു വിപണിയിലെ വിലയെക്കാളും 15 ശതമാനം മുതൽ 40 ശതമാനം വരെ വിലകുറച്ച് നിത്യോപയോഗ സാധനങ്ങൾ, കോസ്മെറ്റിക്സ് സാധനങ്ങൾ എന്നിവ വിൽപ്പന നടത്തി വരുന്നു. കൂടാതെ ഉത്സവ കാലങ്ങളിലുണ്ടാകുന്ന വിലക്കയറ്റം പിടിച്ചു നിർത്തുന്നതിനായി 13 ഇനം നിത്യോപയോഗ സാധനങ്ങൾ പ്രത്യേക വിപണന കേന്ദ്രങ്ങളിലൂടെ സർക്കാർ സബ്സിഡിയോടെ പൊതു വിപണിയിലെ വിലയേക്കാളും 60 ശതമാനം വരെ വിലക്കുറവിൽ നിയന്ത്രിത അളവിൽ വിൽപ്പന നടത്തിവരുന്നു. കഴിഞ്ഞ 3 വർഷങ്ങളിലായി 12555 വിപണികളിലൂടെ 315.16 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങൾ വിൽപ്പന നടത്തുകയുണ്ടായി. ടി വിൽപ്പനയിൽ സർക്കാർ സബ്സിഡിയായി 171.85 കോടി രൂപയുടെ പ്രത്യക്ഷ വിലക്കുറവ് പൊതു വിപണിയിൽ ലഭ്യമാക്കി. കൺസ്യൂമർ ഫെഡ് നേരിട്ട് നടത്തുന്ന 77 ഉം സഹകരണസംഘങ്ങൾ നടത്തുന്ന 856 ഉം നീതി മെഡിക്കൽ സ്റ്റോറുകളിലൂടെ ഇൻസുലിൻ ഉൾപ്പെടെയുള്ള അവശ്യമരുന്നുകൾ പൊതു വിപണിയിലെ വിലയെക്കാളും 143 മുതൽ 70 ശതമാനം വരെ വിലക്കിഴിവിൽ വിൽപ്പന നടത്തിവരുന്നു.

സ്കൂൾ സീസണിൽ വിദ്യാർത്ഥികൾക്കാവശ്യമായ ത്രിവേണി നോട്ടു ബുക്കുകൾ, മറ്റ് ഉൽപ്പന്നങ്ങൾ, സഹകരണ സംഘങ്ങൾ, കൺസ്യൂമർ ഫെഡ് എന്നിവർ മുഖേന നടത്തുന്ന സ്കൂൾ മാർക്കറ്റുകളിലൂടെ പൊതു വിപണിയിലെ

| | | | |
|---|---|---|---|
| | | | വിലയെക്കാളും 25 ശതമാനം മുതൽ 50 ശതമാനം വരെ വിലക്കുറവിൻ മേൽ കഴിഞ്ഞ മൂന്ന് വർഷമായി വിൽപ്പന നടത്തി വരുന്നുണ്ട്.<br><br>പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ ദീർഘകാല സഹകരണ വായ്പാഘടനയെ കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക എന്നുള്ളതായിരുന്നു സഹകരണ നയം.<br><br>പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്കുകളിലൂടെ നൽകുന്ന വായ്പയുടെ 2017-18, 2018-19 വർഷങ്ങളിലെ കണക്കുകൾ പ്രകാരം, ഭൂരിഭാഗം ബാങ്കുകളും നൽകുന്ന വായ്പയുടെ 30 മുതൽ 40 ശതമാനം വരെയുള്ള വായ്പ തുക കാർഷിക വായ്പയാണ് നൽകി വരുന്നത്. |
| (ഡി) | കെയർ ഹോം, കെയർ ലോൺ, റിസർജന്റ് കേരള ലോൺ സ്കീം എന്നീ പദ്ധതികൾ വഴി നവകേരള നിർമ്മാണത്തിന് സഹകരണ പ്രസ്ഥാനം വഹിച്ച പങ്ക് വിശദമാക്കാമോ? | (ഡി) | സംസ്ഥാനത്തുണ്ടായ പ്രളയദുരന്തത്തിന്റെ ഫലമായി വീടും, സ്വത്തുക്കളും, ജീവനോപാധികളും നഷ്ടപ്പെട്ട കുടുംബങ്ങളുടെ പുനരധിവാസത്തിന് സംസ്ഥാന സർക്കാരിനൊപ്പം ചേർന്ന് സഹകരണ വകുപ്പ് ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന പദ്ധതിയാണ് CARe Kerala (Co-Operative Alliance to Rebuild Kerala). കെയർ ഹോം, കെയർ ലോൺ, കെയർ ഗ്രേസ് എന്നീ മൂന്ന് ഉപപദ്ധതികൾ ഉൾപ്പെട്ടതാണ് കെയർ കേരള പദ്ധതി. ഇതിൽ ഏറ്റവും പ്രാധാനപ്പെട്ട പദ്ധതിയാണ് കെയർ ഹോം. പ്രളയദുരന്തത്തെ തുടർന്ന് വീടുകൾ നഷ്ടപ്പെട്ടവർക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിനുള്ള ഭവന നിർമ്മാണ പദ്ധതിയാണ് കെയർ ഹോം പദ്ധതി. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ 2086 വീടുകളാണ് നിർമ്മിച്ച് നൽകുന്നത്. സംസ്ഥാനത്തെ സഹകരണ സംഘങ്ങളുടെ മേൽനോട്ടത്തിലാണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നത്.<br><br>എല്ലാ അടിസ്ഥാന സൗകര്യങ്ങളും |

| | | | |
|---|---|---|---|
| | | | ഉൾക്കൊള്ളിച്ചുള്ള നിർമ്മാണ രീതിയാണ് അവലംബിച്ചിട്ടുള്ളത്. സംസ്ഥാന ദുരന്തപ്രതികരണ നിധിയിൽ നിന്നുള്ള തുക ഉൾപ്പെടെ ആകെ 5 ലക്ഷം രൂപയാണ് വീടൊന്നിന് നിർമ്മാണത്തിനായി അനുവദിക്കുന്നത്. പദ്ധതി പ്രകാരം നൽകുന്ന തുകയ്ക്ക് പുറമേ ഗുണഭോക്താക്കൾ അവരുടെ വിഹിതം വീട് നിർമ്മാണത്തിനായി വിനിയോഗിക്കുന്നുണ്ട്.<br><br>2020 ജനുവരി 27 വരെ സംസ്ഥാനത്തൊട്ടാകെ 1938 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. 10 വീടുകളുടെ നിർമ്മാണം പൂർത്തിയായി കൈമാറ്റത്തിന് സജ്ജമായിട്ടുണ്ട്. 74 വീടുകളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലായി (റൂഫ് കോൺക്രീറ്റിംഗ് പൂർത്തീകരിച്ചത് - 15, ലിന്റൽ ലെവൽവരെ നിർമ്മാണം പൂർത്തിയായത് - 15, അടിസ്ഥാന നിർമ്മാണം പൂർത്തീകരിച്ച് നിർമ്മാണം തുടരുന്നത് - 24, കല്ലിടൽ നടത്തി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചത് - 20) നടന്ന് വരുകയാണ്. ശേഷിക്കുന്ന 64 വീടുകളുടെ നിർമ്മാണം പ്രാരംഭ ഘട്ടത്തിലാണ്.<br><br>കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ട നിർമ്മാണങ്ങൾ ആസൂത്രണം ചെയ്തു വരികയാണ്.<br><br>പ്രളയാനന്തര കേരളത്തിലെ ദുരിത ബാധിതരായ ജനങ്ങളുടെ ആരോഗ്യ സംരക്ഷണം, കുട്ടികൾക്ക് പഠനോപകരണങ്ങൾ ലഭ്യമാക്കൽ, പൊതുവായ സേവനങ്ങൾ ലഭ്യമാക്കൽ എന്നിവക്കായി ആവിഷ്കരിച്ച നടപ്പാക്കി വരുന്ന പദ്ധതിയാണ് കെയർ ഗ്രേസ് (CARe Grace). കെയർ ഹോം പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്ക് വീടുകൾ നിർമ്മിച്ച നൽകിയ ശേഷം അവരുടെ കുടുംബത്തിനാവശ്യമായ തുടർ ക്ഷേമ പ്രവർത്തനങ്ങൾ കെയർഗ്രേസ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവായിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ആരോഗ്യ കാർഡ്, പ്രഥമ ശുശ്രൂഷ കിറ്റ്, |

ഡിസാസ്റ്റർ മാനേജ്മെന്റ് കൈപ്പുസ്തകം, പ്രധാനപ്പെട്ട രേഖകൾ സൂക്ഷിക്കുന്നതിനുള്ള ഫയൽ ബോർഡുകൾ തുടങ്ങിയവ ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് ഉദ്ദേശിക്കുന്നു. കെയർ ഗ്രേസ് പദ്ധതിയുടെ ഭാഗമായി നിർമ്മാണം പൂർത്തീകരിച്ച കെയർഹോം വീടുകളുടെയും ഗുണഭോക്താക്കളുടെയും സമഗ്രമായ വിവര ശേഖരണം നടത്തുന്നതിന് ഫിഷറീസ് വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന സാഫ് (SAF-Society for Assistance to Fisherwomen) എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിവരശേഖരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ അന്തിമ ഘട്ടത്തിലാണ്.

**<u>റീസർജന്റ് കേരള ലോൺ സ്കീം (RKLS)</u>**

കേരളം നേരിട്ട പ്രകൃതി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ പ്രളയ ബാധിത പ്രദേശങ്ങളിലെ ജനങ്ങൾക്ക് ഗൃഹോപകരണങ്ങൾ വാങ്ങുന്നതിനും വീടുകൾക്കുണ്ടായ ചെറിയ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനും നഷ്ടമായ ജീവനോപാധികൾ നേടുന്നതിനുമായി 7.9.2018 ലെ സ.ഉ(കൈ)326/2018/റവ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച റീസർജന്റ് കേരള ലോൺ സ്കീം (RKLS) എന്ന പദ്ധതി നടപ്പിലാക്കുന്നതിന് 46/2018 നമ്പർ സർക്കുലർ പ്രകാരം സഹകരണ സംഘം രജിസ്ട്രാർ നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. അയൽക്കൂട്ടങ്ങൾക്ക് അക്കൗണ്ടുള്ള ജില്ലാ സഹകരണ ബാങ്കുകൾ/പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ, മറ്റ് സഹകരണ സ്ഥാപനങ്ങൾ എന്നിവ മുഖേനയാണ് റീസർജന്റ് കേരള ലോൺ സ്കീം (RKLS) നടപ്പിലാക്കുന്നത്.

ഈ പദ്ധതി അനുസരിച്ച് ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനമായ 10,000/- രൂപ ലഭിച്ച വീടുകളിലെ കുടുംബനാഥയ്ക്ക് ഒരു ലക്ഷം രൂപ വരെ ബാങ്ക് വായ്പ കുടുംബശ്രീ അയൽക്കൂട്ട

| | | | |
|---|---|---|---|
| | | | സംവിധാനത്തിലൂടെ ലഭ്യമാക്കുന്നതാണ്. ഒരു അയൽക്കൂട്ടത്തിന് പരമാവധി 10 ലക്ഷം രൂപയായിരിക്കും വായ്പാ പരിധി. വായ്പാ കാലയളവ് 36 മാസം മുതൽ 48 മാസം വരെ ആയിരിക്കും. തിരിച്ചടവിന് 9 മാസത്തെ മോറട്ടോറിയം അനുവദിയ്ക്കുന്നതാണ്. 10-ാം മാസം മുതൽ തുല്യ മാസഗഡുക്കളായി വായ്പ തിരിച്ചടയ്ക്കേണ്ടതാണ്. ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകേണ്ടത്. വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. 31.12.2019 വരെയുള്ള കണക്കുകൾ പ്രകാരം 85,661 അംഗങ്ങൾക്കായി 713.92 കോടി രൂപ ടി വായ്പാ പദ്ധതി പ്രകാരം അനുവദിച്ചിട്ടുണ്ട്.<br><br>ബാങ്കുകൾ 9% പലിശ നിരക്കിലാണ് അയൽക്കൂട്ടങ്ങൾക്ക് വായ്പ നൽകുന്നത്, ടി വായ്പയുടെ പലിശ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും വഹിക്കുന്നതാണ്. ഗുണഭോക്താവിൽ നിന്നും പലിശ അടക്കമുള്ള തുകയാണ് അയൽക്കൂട്ടം, ബാങ്കിലേക്ക് തിരിച്ചടയ്ക്കേണ്ടത്. 9% പലിശ തുക സർക്കാരിൽ നിന്നും കൈപ്പറ്റി കുടുംബശ്രീ മിഷൻ മുഖേന അയൽക്കൂട്ടങ്ങൾക്ക് ലഭ്യമാക്കുകയും, അയൽ ക്കൂട്ടങ്ങൾ ഈ തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് നിക്ഷേപിക്കുകയും ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**